**MAHATMA GANDHI UNIVERSITY**
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC A++ GRADE

# വാർത്താക്കുറിപ്പ്

**2026 സെപ്റ്റംബർ 14**

## പരീക്ഷാ കൺട്രോളർ പ്രൊഫ. (ഡോ.) ശ്രീജിത് സി.എം. സർവീസ് പൂർത്തിയാക്കി മടങ്ങി; പ്രൊഫ. ഡോ. കീർത്തി ടി.ആറിന് അധിക ചുമതല

*മഹാത്മാഗാന്ധി സർവകലാശാലാ പരീക്ഷാ കൺട്രോളർ പദവിയിൽ ആറുവർഷത്തെ സേവനം പൂർത്തിയാക്കി പ്രൊഫ. (ഡോ.) ശ്രീജിത് സി.എം. മാതൃസ്ഥാപനമായ മാലിയങ്കര എസ്.എൻ.എം. കോളേജിലേക്ക് മടങ്ങി.*

*തിങ്കളാഴ്ച സെനറ്റ് ഹാളിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ പരീക്ഷാ-അക്കാദമിക ഭരണസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം നൽകിയ സേവനവും നിർണായക സംഭാവനകളും സർവകലാശാല അനുസ്മരിച്ചു. വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, ഡീൻമാർ, വിവിധ വകുപ്പുകളുടെ മേധാവികൾ, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.*

*വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും പ്രൊഫ. ശ്രീജിത്തിന്റെ സേവനത്തെ അഭിനന്ദിക്കുകയും സർവകലാശാലയുടെ പരീക്ഷാ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിലും ആധുനികവത്കരിക്കുന്നതിലും അദ്ദേഹം നൽകിയ സംഭാവനകളെ പ്രത്യേകം അനുസ്മരിക്കുകയും ചെയ്തു.*

*2020 ഫെബ്രുവരി 17നാണ് പ്രൊഫ. ശ്രീജിത് പരീക്ഷാ കൺട്രോളറായി സർവകലാശാലയിലെത്തിയത്. അദ്ദേഹത്തിന്റെ കാലയളവിൽ പരീക്ഷാവിഭാഗത്തിന്റെ ഭരണസംവിധാനങ്ങളിലും പരീക്ഷാ നടത്തിപ്പിലും ഡിജിറ്റൽ സംവിധാനങ്ങളിലും ശ്രദ്ധേയമായ പുരോഗതിയുണ്ടായി. പരീക്ഷകൾ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി നടത്തുന്നതിനും വിദ്യാർഥികൾക്കും അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കും മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനും അദ്ദേഹം ഗണ്യമായ സംഭാവന നൽകി.*

*സർവകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പരിവർത്തനത്തിന്റെ സുപ്രധാന ഘട്ടത്തിലൂടെയാണ് അദ്ദേഹത്തിന്റെ സേവനകാലം കടന്നുപോയത്.*

*നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. സർവകലാശാലയുടെ ഡിജിറ്റൽ പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിലും അദ്ദേഹം പ്രധാന പങ്കുവഹിച്ചു. പരീക്ഷാ ഭരണസംവിധാനത്തെ ആധുനികവത്കരിക്കുന്നതിനും നടപടിക്രമങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സമയബന്ധിതമായി സാങ്കേതികവിദ്യാധിഷ്ഠിത പരീക്ഷാ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഈ പരിഷ്കാരങ്ങൾ സഹായകമായി.*

*ഉന്നതവിദ്യാഭ്യാസ മേഖലയിൽ അഭൂതപൂർവമായ വെല്ലുവിളികൾ ഉയർന്ന ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സേവനം സർവകലാശാലക്ക് മുതൽക്കൂട്ടായി. സർവകലാശാലയുടെ പരീക്ഷാ സംവിധാനത്തിന്റെ കാര്യക്ഷമതയും വിശ്വാസ്യതയും നിലനിർത്തുന്നതിന് അദ്ദേഹത്തിന്റെ നേതൃത്വം നിർണായകമായെന്നും യാത്രയയപ്പ് യോഗം വിലയിരുത്തി.*

*മറുപടി പ്രസംഗത്തിൽ സർവകലാശാലാ നേതൃത്വത്തിനും സഹപ്രവർത്തകർക്കും അഫിലിയേറ്റഡ് കോളേജുകൾക്കും ഡോ. ശ്രീജിത് നന്ദി പറഞ്ഞു.*

*ഡോ. കീർത്തി ടി.ആറിന് പരീക്ഷാ കൺട്രോളറുടെ അധിക ചുമതല*

*പരീക്ഷാ കൺട്രോളർ പ്രൊഫ. (ഡോ.) ശ്രീജിത് സി.എം കാലാവധി പൂർത്തിയാക്കി മാതൃസ്ഥാപനത്തിലേക്ക് മടങ്ങിയതിനെ തുടർന്ന് സർവകലാശാലയിലെ മുതിർന്ന പ്രൊഫസറായ ഡോ. കീർത്തി ടി.ആറിന് പരീക്ഷാ കൺട്രോളറുടെ പൂർണ അധിക ചുമതല നൽകി.*

*അധ്യാപന-ഗവേഷണ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള ഡോ. കീർത്തി ടി.ആർ. പരിചയസമ്പന്നയായ അക്കാദമിക ഭരണാധികാരിയുമാണ്.*

*സ്കൂൾ ഓഫ് ബയോസയൻസസിന്റെ മേധാവിയായും സർവകലാശാലയുടെ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി അധ്യക്ഷയായും പ്രവർത്തിച്ചിട്ടുണ്ട്. പരീക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ തുടർച്ച, കാര്യക്ഷമത, സുതാര്യത, കൃത്യത, അക്കാദമിക സമഗ്രത എന്നിവ ഉറപ്പാക്കുന്നതിനും വിദ്യാർഥികേന്ദ്രിതമായ പരീക്ഷാ സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായിരിക്കും പ്രഥമ പരിഗണന.*

*ഫോട്ടോ ക്യാപ്ഷൻ: യാത്രയയപ്പ് ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. ശ്രീജിത്തിന് പൊന്നാടയും പ്രശംസാപത്രവും നൽകുന്നു.; പ്രൊഫ. കീർത്തി ടി. ആർ*

Controller of Examinations Prof. (Dr.) Sreejith C.M. completes term; additional charge to Prof. (Dr.) Keerthy TR

Controller of Examinations Prof. (Dr.) Sreejith C.M. returned to his parent institution, S.N.M. College, Maliankara, after completing six years of service at Mahatma Gandhi University.

A farewell meeting organised in honour of Prof. Sreejit at the university Senate Hall on Monday acknowledged his distinguished service, leadership and contributions to the university's examination and academic administration. The meeting was attended by the Vice-Chancellor, members of the Syndicate, Deans, Heads of Departments and Statutory Officers of the university. The Vice-Chancellor and members of the Syndicate expressed their appreciation for his dedicated service and acknowledged his contributions to strengthening the University's examination administration during his tenure.

Prof. Sreejit assumed charge as Controller of Examinations on 17 February 2020. During his tenure, the examination branch witnessed significant advances in its administrative systems, examination processes and digital initiatives. He discharged the responsibilities of the office with exceptional dedication, integrity, diligence and professionalism, contributing substantially to the efficient, transparent and timely conduct of examinations and the effective delivery of examination-related services to students and affiliated institutions, the farewell meeting noted.

His tenure coincided with a significant phase of academic and administrative transformation at the university. He played a key role in the implementation of the Four-Year Undergraduate Programme (FYUGP) and was instrumental in steering several major digital reforms undertaken by the University in the examination domain. Prof. Sreejit contributed to the systematic strengthening of examination procedures and mechanisms relating to the conduct, processing and timely completion of examinations. His emphasis on efficiency, transparency, accountability and academic standards helped further consolidate the examination wing as a vital component of the university's academic administration.

In his reply, Dr. Sreejith thanked the university leadership, colleagues and affiliated colleges.

Dr. Keerthi T.R. to assume additional charge as Controller of Examinations

Following the completion of the tenure of Controller of Examinations Prof. (Dr.) Sreejith C.M., seniormost professor of Mahatma Gandhi University, Dr. Keerthy T.R., has been entrusted with the full additional charge of Controller of Examinations.

Dr. Keerthy T.R, professor at the School of Biosciences, has made significant contributions to teaching and research and is an experienced academic administrator.

She has served as Head of the School of Biosciences and Chairperson of the University's Internal Complaints Committee. Her priorities will include ensuring continuity, efficiency, transparency, accuracy and academic integrity in the functioning of the examination wing, while further strengthening student-centric examination services.

Photo caption: Vice-Chancellor presents a ceremonial shawl and citation to Prof. (Dr.) Sreejith C.M. at the farewell ceremony; Prof. Keerthy T.R.

***പി.ആർ.ഒ/828/2026***

## പ്രാക്ടിക്കൽ

***.രണ്ടാം സെമസ്റ്റർ എംഎസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്‌സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്‌സി ചാൻസ്, 2016-2017 അഡ്മിഷൻ അവസാന മെഴ്‌സി ചാൻസ്) ഓഗസ്റ്റ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ്‌സൈറ്റിൽ.***

***പി.ആർ.ഒ/829/2026***

## പരീക്ഷാഫലം

***നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2024 അഡ്മിഷൻ റഗുലർ, 2020-2023 അഡ്മിഷനുകൾ സപ്ലിമെന്ററി) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്തംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.***

***പി.ആർ.ഒ/830/2026***

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

***2009 അഡ്മിഷനു മുൻപുള്ള യുജി*** (other courses) ***സെമസ്റ്റർ വൈസ് അവസാന സ്പെഷ്യൽ മെഴ്‌സി ചാൻസ് പരീക്ഷകൾക്ക് ഒക്ടോബർ 26 വരെ അപേക്ഷിക്കാം.***

*ഫൈനോടുകൂടി ഒക്ടോബർ 27 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 28 വരെയും അപേക്ഷ സ്വീകരിക്കും*

*പി.ആർ.ഒ/831/2026*

**പബ്ലിക് റിലേഷൻസ് ഓഫീസർ**



